'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മിഷൻ അന്ത്യോദയ സർവേ സംസ്ഥാനത്ത് എല്ലാ വർഷവും നടത്തുന്നതിനുള്ള തുടർ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു

---

### തദ്ദേശ സ്വയംഭരണ (ഡി.ഡി.) വകുപ്പ്

**സ.ഉ.(സാധാ) നം.2959/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/12/2019

---

1 22.01.2019-ലെ സ.ഉ.(സാധാ) നം.116/2019/ത.സ്വ.ഭ.വ

2 26.02.2019-ലെ സ.ഉ.(സാധാ) നം.427/2019/ത.സ്വ.ഭ.വ

3 11.12.2019-ലെ സ.ഉ.(സാധാ) നം.2829/2019/ത.സ്വ.ഭ.വ

4 സംസ്ഥാന ആസൂത്രണ ബോർഡ് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ 09.10.2019-ലെ നം.32/എസ്.ആർ.ജി/2018 നമ്പർ കത്ത്

### ഉത്തരവ്

കേരളത്തിലെ 'മിഷൻ അന്ത്യോദയ സർവേ' (2019-20 റൗണ്ട്) സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. വികസന പ്രവർത്തനങ്ങളുടെ പുരോഗതി നിരീക്ഷിക്കുകയാണ് സർവേയുടെ പ്രധാന ലക്ഷ്യം. സർവേയിലൂടെ കണ്ടെത്തുന്ന വികസന പ്രശ്നങ്ങളും വിടവുകളും ഗ്രാമപഞ്ചായത്ത് വികസന പദ്ധതിയിലൂടെ പരിഹരിക്കേണ്ടതുണ്ട്. 'ഗ്രാമപഞ്ചായത്ത് വികസന പദ്ധതി' (GPDP) തയ്യാറാക്കുന്നതിന് മുന്നോടിയായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും മിഷൻ അന്ത്യോദയ സർവേ ഓരോ വർഷവും നടത്തണമെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മിഷൻ അന്ത്യോദയ സർവേയുടെ സുഗമമായ നടത്തിപ്പിനായി തുടർ മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാൻ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മിഷൻ അന്ത്യോദയ സർവേ എല്ലാ വർഷവും നടത്തണമെന്നാണ് കേന്ദ്ര സർക്കാർ നിർദ്ദേശം. 2020-21 വർഷത്തേക്കുള്ള മിഷൻ അന്ത്യോദയ സർവേ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ, കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ മിഷൻ അന്ത്യോദയ സർവേ ഓരോ വർഷവും നടത്തി വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിന് സൂചന (1) പ്രകാരം പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾക്ക് പുറമെ ചുവടെ ചേർക്കുന്ന തുടർ മാർഗനിർദേശങ്ങൾ കൂടി പുറപ്പെടുവിച്ച് ഉത്തരവാകുന്നു

1. 'ഗ്രാമപഞ്ചായത്ത് വികസന പദ്ധതി' തയ്യാറാക്കുന്നതിന് മുന്നോടിയായുള്ള മിഷൻ അന്ത്യോദയ സർവേ ഗ്രാപഞ്ചായത്തുകളിൽ നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഓരോ വർഷവും ഒക്ടോബർ 2 ന് ആരംഭിച്ച് നവംബർ 20-നകം പൂർത്തിയാക്കേണ്ടതാണ്

2. മിഷൻ അന്ത്യോദയ സർവേ നടത്തുന്നതിന് സൂചന (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർ കർശനമായി പാലിക്കേണ്ടതാണ്

3.സംസ്ഥാനതല നോഡൽ ഓഫീസറുടെ പട്ടികയിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ ജനറൽ, പഞ്ചായത്ത് ഡയറക്ടർ എന്നിവരെ കൂടാതെ തൊഴിലുറപ്പ് പദ്ധതി സ്റ്റേറ്റ് മിഷൻ ഡയറക്ടറെ കൂടി ഉൾപ്പെടുത്തുന്നു

4. സർവേ സംബന്ധമായ ചെലവുകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടേയോ ദീൻ ദയാൽ അന്ത്യോദയ യോജന ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെയോ ഭരണചെലവിൽ നിന്നും വഹിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുകുട്ടന്.എം.എസ്**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്:ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ് സ്റ്റേറ്റ് മിഷൻ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ ജനറൽ, സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് അധ്യക്ഷന്മാർക്കും/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷന്മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ കളക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖന)
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് മുഖേന)
ഡയറക്ടർ, കില, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ്ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേൻ കേരള മിഷൻ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by NISAM N
Date: 2019.. 17:03:12 IST
Reason: Approved

സെക്ഷൻ ഓഫീസർ.